# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2113 13.06.2019 - ൽ മറുപടി നൽകേണ്ടിയിരുന്നത്

**<u>സ്റ്റാഫ് നേഴ്സ് ഗ്രേഡ് II റാങ്ക് ലിസ്റ്റ്</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.ആർ. സുനിൽ കുമാർ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സ്റ്റാഫ് നേഴ്സ് ഗ്രേഡ് II (ആരോഗ്യം) തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് (കാറ്റഗറി നം.454/2016) എന്ന് നിലവിൽ വന്നെന്ന് വ്യക്തമാക്കുമോ; | (എ) | 16.07.2018 ൽ നിലവിൽ വന്നു. |
| (ബി) | പ്രസ്തുത തസ്തികയിൽ കണ്ണൂർ ജില്ലയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്നും നാളിതുവരെ എത്രപേർക്ക് നിയമനം നൽകിയെന്നും അറിയിക്കുമോ; | (ബി) | സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തികയിൽ കണ്ണൂർ ജില്ലയിൽ 4 ഒഴിവുകളുണ്ട്. 23 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. |
| (സി) | ആർദ്രം പദ്ധതിയിൻ കീഴിൽ പ്രസ്തുത തസ്തികയിൽ ആളുകളെ നിയമിക്കുന്നുണ്ടോ; എങ്കിൽ കണ്ണൂർ ജില്ലയിൽ പ്രസ്തുത തസ്തികയിൽ എത്ര പേർക്ക് നിയമനം നടത്തിയെന്ന് വ്യക്തമാക്കുമോ; | (സി) | നിയമിക്കുന്നുണ്ട്. 37 പേർക്ക് കണ്ണൂർ ജില്ലയിൽ നിയമനം നൽകിയിട്ടുണ്ട്. |
| (ഡി) | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പ്രസ്തുത തസ്തികയിൽ കൂടുതൽ നിയമനം നടത്തുമോ; എങ്കിൽ കണ്ണൂർ ജില്ലയിൽ എത്ര നിയമനം ഉണ്ടാകും എന്നറിയിക്കുമോ; | (ഡി) & (ഇ) | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഓരോ ജില്ലയിലും സൃഷ്ടിക്കപ്പെടേണ്ട തസ്തികകളുടെ എണ്ണം സംബന്ധിച്ച് അന്തിമതീരുമാനം ആയിട്ടില്ല. |
| ഇ) | ആർദ്രം പദ്ധതിയിലെ രണ്ടാംഘട്ട നിയമനത്തിന് റാങ്ക് പട്ടികയിൽ ഉൾപ്പെട്ടവർക്ക് മുൻഗണന നല്കുമോ; വ്യക്തമാക്കുമോ? | | |

Milan

സെക്ഷൻ ഓഫീസർ